## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.287 — 18-02-2013- ൽ മറുപടിയ്ക്ക്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസ്തി രജിസ്റ്റർ ചെയ്യണമെന്നുള്ള ഗവൺമെന്റ് ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; ആയതിന്റെ അടിസ്ഥാനത്തിൽ എത്ര പഞ്ചായത്തുകൾ തങ്ങളുടെ ആസ്തി വിവരങ്ങൾ രേഖപ്പെടുത്തി; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കണമെന്ന് സർക്കാർ 02.12.2005-ലാണ് ഉത്തരവ് പുറപ്പെടുവിച്ചത്. അതിൻ പ്രകാരം എല്ലാ പഞ്ചായത്തുകളും തങ്ങളുടെ ആസ്തി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ആസ്തി രജിസ്റ്റർ ചെയ്യുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ; | (ബി) | ആസ്തി രജിസ്റ്റർ ചെയ്യുന്നതുകൊണ്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവയുടെ കൈവശം തനതായും, കൈമാറ്റം ചെയ്യപ്പെട്ടതിലൂടെയും ലഭ്യമായ ആസ്തിയുടെ വിവരങ്ങൾ രജിസ്റ്റർ രൂപത്തിൽ ലഭ്യമാകുന്നു.<br>2. ആസ്തികളുടെ പരിപാലനത്തിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നു.<br>3. സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിന് സാധിക്കുന്നു.<br>4. ആസ്തി സംരക്ഷണത്തിനുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി ഉപയോഗിക്കാൻ കഴിയുന്നതാണ്.<br>5. പദ്ധതി ആസൂത്രണവുമായും, അക്കൗണ്ടിംഗുമായും ആസ്തികളെ ബന്ധപ്പെടുത്തുന്നതിന് സാധിക്കുന്നു.<br><br>(. . . .2) |

| | | | |
|---|---|---|---|
| | | | 6. ഓരോ ആസ്തിയും അവ ആർജ്ജിക്കുന്നതിനും കാലാകാലങ്ങളിൽ അവ സംരക്ഷിക്കുന്നതിനും ചെലവഴിക്കുന്ന തുക നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിനും സാധിക്കുന്നു. |
| (സി) | മുൻപ് പഞ്ചായത്തുകൾക്ക് ആസ്തി സംരക്ഷണത്തിനായി ഫണ്ട് അനുവദിച്ചിരുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു; ഇപ്പോൾ എപ്രകാരമാണ്; വിശദാംശങ്ങൾ നല്കാമോ; | (സി) | ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനു മുൻപ് പഞ്ചായത്തിലെ റോഡ് രജിസ്റ്റർ പ്രകാരമുള്ള വിവിധതരം റോഡുകളുടെ നീളത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രാന്റ് അനുവദിച്ചിരുന്നത്. ആസ്തി രജിസ്റ്റർ നിലവിൽ വന്നതിനു ശേഷം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഗ്രാന്റ് വിതരണം ചെയ്യുന്നു. മെയിന്റനൻസ് ഗ്രാന്റിൽ $^{2}/3$ ഭാഗം റോഡ് മെയിന്റനൻസിനും $^{1}/3$ ഭാഗം റോഡിതര മെയിന്റനൻസിനും വിനിയോഗിക്കുന്നു. |
| (ഡി) | പഞ്ചായത്ത് ആസ്തികളുടെ സംസ്ഥാനതല ക്രോഡീകരണം ഇതിനോടകം സാധ്യമായിട്ടുണ്ടോ; ഇക്കാര്യത്തിൽ എത്ര ശതമാനം വിജയം വരിച്ചു; വിശദാംശങ്ങൾ നല്കുമോ ? | (ഡി) | 2005-ലെ സർക്കാർ ഉത്തരവ് പ്രകാരം കൈയെഴുത്തായി തയ്യാറാക്കി സൂക്ഷിച്ചിരുന്ന രജിസ്റ്ററുകൾ കിലയുടെ ആഭിമുഖ്യത്തിൽ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കുടുംബശ്രീയുടെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്യുകയുണ്ടായി. ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തിയതിന്റെ പ്രധാന ഉദ്ദേശങ്ങളിലൊന്ന് സംസ്ഥാനതല ക്രോഡീകരണം സാധ്യമാക്കുക എന്നതായിരുന്നു. ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന യൂണിറ്റുകളിൽ ചില അപാകതകളും, കൈയെഴുത്തു രൂപത്തിൽ നിന്ന് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയപ്പോൾ ഡാറ്റായിൽ സംഭവിച്ച പിഴവുകൾ മൂലവും സംസ്ഥാനതല ക്രോഡീകരണം പൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ